# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3211

20.06.2014 ൽ മറുപടിക്ക്

## പഞ്ചായത്തുകളിലെ അക്കൗണ്ട്സ് തയ്യാറാക്കാൻ സംവിധാനം

| | ചോദ്യം<br>ശ്രീ. കെ.ദാസൻ | | ഉത്തരം<br>ഡോ. എം.കെ.മുനീർ<br>ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | പഞ്ചായത്തുകളിൽ അക്കൗണ്ട്സ് തയ്യാറാക്കുന്നത് നിലവിൽ ഏത് സംവിധാനത്തിലാണ് എന്ന് വ്യക്തമാക്കാമോ ; | എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് (സാംഖ്യ) ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് പഞ്ചായത്തുകളിൽ അക്കൗണ്ട്സ് തയ്യാറാക്കുന്നത് . |
| ബി) | ഐ.കെ.എം. ന്റെ ഐ.ടി. വിദഗ്ധരുടെ സഹായത്തോടെയാണോ കണക്കുകൾ തയ്യാറാക്കുന്നത് എന്നറിയിക്കുമോ ; | ബി) | അല്ല. പഞ്ചായത്തുകളിലെ അക്കൗണ്ടന്റുകളാണ് കണക്കുകൾ തയ്യാറാക്കുന്നത്. സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിൽ അക്കൗണ്ടന്റുമാർക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുക എന്നതാണ് ബ്ലോക്ക് അടിസ്ഥാനത്തിൽ ഇൻഫർമേഷൻ കേരള മിഷൻ നിയമിച്ചിട്ടുള്ള അക്കൗണ്ടന്റ് - കം - ഐ.ടി. എക്സ്പെർട്ടിന്റെ ചുമതല. |
| സി) | ഐ.ടി വിദഗ്ധരുടെ പ്രവർത്തന കാലാവധി നീട്ടുന്നതിന് എഗ്രിമെന്റ് പുതുക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) | ഐ.ടി വിദഗ്ധരുടെ പ്രവർത്തന കാലാവധി നീട്ടുന്നതിന് എഗ്രിമെന്റ് പുതുക്കി നല്കിയിട്ടുണ്ട്. |
| ഡി) | സർക്കാരിന്റെ ഈ നിലപാട് കാരണം അക്കൗണ്ടിംഗ് പ്രവൃത്തികൾ മുടങ്ങുമെന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) & (ഇ) | അക്കൗണ്ടിംഗ് പ്രവൃത്തികൾ തടസ്സപ്പെടുകയില്ല. അക്കൗണ്ടന്റ് - കം - ഐ.ടി. എക്സ്പെർട്ടിന്റെ പ്രവർത്തന കാലാവധി നീട്ടുന്നതിന് എഗ്രിമെന്റ് പുതുക്കിയതിനാൽ സാങ്കേതിക സഹായം തുടർന്നും ലഭ്യമാകുന്നതാണ്. |
| (ഇ) | എങ്കിൽ സർക്കാർ ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | | |

Saloji

സെക്ഷൻ ഓഫീസർ